# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*273** — **13.03.2018 ൽ മറുപടിയ്ക്ക്**

## സമഗ്ര ജൈവകൃഷി പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ഹൈബി ഈഡൻ**<br>**ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ.റോജി എം. ജോൺ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് സമഗ്ര ജൈവകൃഷി പദ്ധതി നടപ്പിലാക്കുന്നതിന് കൃഷിവകുപ്പ് നടപടി തുടങ്ങിയെങ്കിലും കർഷകരിൽ നിന്നും അനുകൂല പ്രതികരണം ലഭിക്കുന്നില്ലായെന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) സംസ്ഥാനത്ത് സമഗ്ര ജൈവകൃഷി പദ്ധതി നടപ്പിലാക്കുന്നതിന് കൃഷി വകുപ്പ് നടപടി തുടങ്ങിയെങ്കിലും കർഷകരിൽ നിന്നും അനുകൂല പ്രതികരണം ലഭിക്കുന്നില്ലായെന്ന സാഹചര്യം നിലവിലില്ല. പദ്ധതിയ്ക്ക് കർഷകരിൽ നിന്നും അനുകൂല പ്രതികരണമാണുള്ളത്.<br>ജൈവകൃഷി വ്യാപനവും പ്രോത്സാഹനവും ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ 10/02/2010 ലെ സ.ഉ (പി) നം. 39/2010/കൃഷി നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി ജൈവകൃഷി വ്യാപനം നടപ്പിലാക്കി വരുന്നു.<br>ജൈവകൃഷി വ്യാപനത്തിനും പ്രോത്സാഹനത്തിനും **2017-18** സാമ്പത്തിക വർഷം സമഗ്ര ജൈവ കൃഷി പദ്ധതി " ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും" എന്ന പേരിൽ 1000 ലക്ഷം രൂപ വകയിരുത്തി സംസ്ഥാനത്തുടനീളം നടപ്പാക്കി വരുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**1. <u>ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ</u>** - 155 ജി. എ. പി ക്ലസ്റ്ററുകളാണ് പുതുതായി ഈ വർഷം രൂപീകരിക്കുന്നത്. 141 ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.<br>**2. <u>ഇക്കോഷോപ്പുകൾ</u>** - ജി.എ.പി ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ പഴം- പച്ചക്കറി ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം |

നടത്തുന്നതിന് നടപ്പ സാമ്പത്തിക വർഷം പുതുതായി 150 ഇക്കോഷോപ്പുകളാണ് സ്ഥാപിക്കുന്നത്. 300 ലക്ഷം രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്.

3. **<u>ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം</u>** ജി.എ.പി ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന പഴം- പച്ചക്കറി ഉല്പന്നങ്ങൾ ഗ്രേഡിംഗ്, പാക്കിംഗ് എന്നിവ നടത്തി കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, റെസിഡന്റ്സ് അസ്സോസ്സിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് ധനസഹായം നൽകുന്നു.

4. **<u>ജൈവ കാർഷിക മണ്ഡലം അവാർഡ്</u>** - ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികച്ച ജൈവ കാർഷിക പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

5. **<u>കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ</u>**- കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ വഴി പി.ജി.എസ് സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നു.

6. **<u>കുട്ടനാട് ജി.എ.പി പദ്ധതി</u>** - കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്.

ബി) രാസവളങ്ങളെ അപേക്ഷിച്ച് താരതമ്യേന വിലകൂടിയ ജൈവവളങ്ങൾ വലിയ അളവിൽ ജൈവകൃഷിക്ക് ഉപയോഗിക്കേണ്ടി വരുന്നത് കർഷകരെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

ബി) സമഗ്ര ജൈവ കൃഷി പദ്ധതി വ്യാപകമായി ക്കൊണ്ടിരിക്കുന്നതിനാൽ ജൈവവളങ്ങൾ ഉപയോഗിക്കേണ്ടി വരുന്നതിൽ കർഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. സമ്മിശ്രകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരുടെ കൃഷിയിടത്തിൽ തന്നെ അവർക്ക് ആവശ്യമായ ജൈവവളം ഉല്പാദിപ്പിക്കുന്നതിനും ഉള്ള പദ്ധതിയ്ക്ക് ഊന്നൽ നൽകി കർഷകർക്ക് മറ്റ് പ്രോത്സാഹനങ്ങൾ നൽകി വരുന്നു.

2011-12-ൽ കാസർഗോഡ് ജില്ലയിൽ മാത്രമായി ജൈവകൃഷി വികസിപ്പിക്കു

ന്നതിന്റെ ഭാഗമായി 7958 റൂറൽ കംമ്പോസ്റ്റ് 212 വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ ജൈവ പച്ചക്കറി, വാഴക്കൃഷി എന്നിവയും നടപ്പിലാക്കി.

2013-14-ൽ കാസർഗോഡ് ജില്ലയിൽ മാത്രമായി ജൈവകൃഷി വികസിപ്പിക്കുന്നതിനായി (41 പഞ്ചായത്തുകളിലും) റൂറൽ കമ്പോസ്റ്റുകളും വെർമി കമ്പോസ്റ്റ് യൂണിറ്റുകളും 2015-16 -ൽ 725 കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകളും 250 ഹെക്ടർ സ്ഥലത്ത് പച്ചിലവള കൃഷികളും വ്യാപിപ്പിച്ചു.

2016-17 ൽ കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ 1622 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും 1352 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും ആരംഭിച്ചു.

കൂടാതെ വി.എഫ്.പി.സി.കെ ആസ്ഥാനത്ത് ജൈവവള ഉല്പാദന യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവവളം, ജീവാണുവളം, വളർച്ചാ ത്വരകങ്ങൾ, ജൈവകീടനാശിനികൾ എന്നിവയടങ്ങുന്ന സസ്യ സംരക്ഷണ ഉല്പാദനോപാധികളുടെ ഒരു നിര ഉല്പന്നങ്ങൾ യൂണിറ്റിൽ നിന്നും മിതമായ നിരക്കിൽ വിപണിയിൽ ലഭ്യമാക്കിയിട്ടുണ്ട്.

സി) ജൈവകൃഷി നടത്തിയ കർഷകർക്ക് വിളവ് കുറയുന്ന സാഹചര്യത്തിൽ അവരെ പ്രസ്തുത കൃഷിയിൽ പിടിച്ചുനിർത്തുന്നതിന് പ്രത്യേക ആനുകൂല്യം നൽകുമോ;വ്യക്തമാക്കുമോ;

സി) ജി.എ.പി അവലംബിച്ച് കാർഷിക കൂട്ടായ്മയിലൂടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് വിഷരഹിത പച്ചക്കറികൾ പരമാവധി ഉല്പാദിപ്പിക്കുന്നതിനും അവയുടെ സംഭരണം, വിപണനം എന്നിവ ഫലപ്രദമാക്കി മികച്ച വരുമാനം കർഷകർക്ക് ഉറപ്പുവരുത്തുന്നതിനും ഉതകുന്ന തരത്തിലാണ് സമഗ്ര ജൈവകൃഷി പദ്ധതി നടപ്പിലാക്കുന്നത്.

സമഗ്ര ജൈവകൃഷി പദ്ധതിയിൽ നല്ല കൃഷി പരിചരണ മുറകളിലൂടെ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ക്ലസ്റ്ററടിസ്ഥാനത്തിൽ ശേഖരിച്ച് വിപണനം നടത്തുന്നതിന് സമഗ്ര ജൈവകൃഷി പദ്ധതിയിൽ ഇക്കോഷോപ്പുകളും, നേരിട്ടുള്ള വിപണികളും പ്രവർത്തിക്കുന്നു. ജൈവകൃഷിയും ഉത്തമ കൃഷി മുറകളിലും ഉൽപാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഉല്പന്നങ്ങൾക്ക് കിലോയ്ക്ക് 5 രൂപ ക്രമത്തിൽ അധിക വില കർഷകന് ലഭിക്കുന്നതാണ്. 2016-17 -ൽ ഇത്തരം 15

ഇക്കോഷോപ്പുകൾ സ്ഥാപിക്കുകയും നടപ്പ സാമ്പത്തിക വർഷം 150 ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് 2 ലക്ഷം രൂപ ക്രമത്തിൽ ധനസഹായം നൽകുന്നതിന് 300 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. ഇതിനോടകം 107 ഇക്കോഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇതിനു പുറമെ 2015-16, 2016-17 - വർഷങ്ങളിൽ ആരംഭിച്ച 65 ഇക്കോഷോപ്പുകളുടെ പുന:പ്രവർത്തനങ്ങൾക്കായി 60 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷം നൽകുന്നുണ്ട്.

നേരിട്ടുള്ള വിപണിയിലേയ്ക്ക് ക്ലസ്റ്ററുകളിൽ നിന്നും ഉല്പന്നങ്ങൾ കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, റസിഡൻസ് അസ്സോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ചും വില്പന നടത്തുകയും ടി ക്ലസ്റ്ററുകൾക്ക് ധനസഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട്.

ഈ പ്രവർത്തനങ്ങളൊക്കെ തന്നെ കർഷകരെ ജൈവകൃഷിയിൽ പിടിച്ചു നിർത്തുന്നതിന് സഹായിക്കുന്നുണ്ട്.

| | |
|---|---|
| ഡി) നെല്ല്, തെങ്ങ്, ചോളം, ഗോതമ്പ് എന്നിവയ്ക്ക് ജൈവകൃഷിയിലൂടെ മികച്ച വിളവ് ലഭിക്കുവാൻ ആന്ധ്രാപ്രദേശിലെ കർഷകർ പ്രാവർത്തികമാക്കുന്ന കൃഷിരീതി സംസ്ഥാനത്തും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | ഡി) സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ് (ZBNF) എന്ന പുതിയ കൃഷി രീതിയാണ് ആന്ധ്രാപ്രദേശിലെ കർഷകർ അവലംബിച്ചിരിക്കുന്നത്.<br>സുസ്ഥിരവും പാരിസ്ഥിതിക സൗഹൃദവുമായ സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ് (ZBNF) കൃഷി രീതി വിഷരഹിതവും ആരോഗ്യ സുരക്ഷ ഉറപ്പ് നൽകുന്നതും രാസകീടനാശിനി വിമുക്തവും കാർഷിക ഉല്പാദന ചെലവ് കുറഞ്ഞതും ഉല്പന്നങ്ങൾ ഉയർന്ന ഗുണനിലവാരം ഉറപ്പ് വരുത്തുന്നതുമാണ്. ഇത് കാലാവസ്ഥയ്ക്ക് യോജിച്ചതും, മണ്ണിന്റെ ഘടന നിലനിർത്തുന്നതിനും, മണ്ണിനെ പരിപോഷിപ്പിക്കുന്നതിനും പര്യാപ്തമായ കൃഷി രീതിയാണ്.<br>സംസ്ഥാന കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല സംഘം ഈ കൃഷി രീതിയെക്കുറിച്ച് പഠിക്കുന്നതിന് ആന്ധ്രാപ്രദേശ് സന്ദർശിക്കുകയും സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ് (ZBNF) കൃഷി രീതി പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. |

സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ് (ZBNF) കൃഷി രീതി ഉപജ്ഞാതാവായ ശ്രീ. സുഭാഷ് പലേക്കർ കൂടി പങ്കെടുക്കുന്ന ശില്പശാല വരുന്ന ഏപ്രിൽ മാസത്തിൽ സംഘടിപ്പിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**